**കേരള സർക്കാർ**
**പൊതുഭരണ (ഏകോപന) വകുപ്പ്**

നമ്പർ.58266/സി.ഡി.എൻ. 5/08/പൊ.ഭ.വ തിരുവനന്തപുരം, തീയതി, 2008 ആഗസ്റ്റ് 14.

# സർക്കുലർ

വിഷയം : 2005 -ലെ വിവരാവകാശ നിയമം - വിവരങ്ങൾ നൽകു ന്നതിൽ സമയ ക്ലിപ്തതപാലിക്കുന്നത് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 30.10.2006 ലെ 77000/സി.ഡി.എൻ 5/06/പൊ.ഭ.വ. II-ാം നമ്പർ സർക്കുലർ

2005- ലെ വിവരാവകാശ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം ഒരു പൊതു അധികാര സ്ഥാപന ത്തിന്റെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പു കൽപ്പിക്കു ന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം സമയപരിധി പാലിക്കാത്ത പക്ഷം വീഴ്ച വരു ത്തിയഉദ്യോഗസ്ഥർക്കെതിരെ പിഴ ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട സർവ്വീസ് റൂളിലെ വ്യവസ്ഥ കൾ പ്രകാരം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുന്ന തിനും പ്രസ്തുത നിയമത്തിന്റെ ചട്ടം 20 പ്രകാരം സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനെ അധികാരപ്പെടുത്തിയിട്ടുണ്ട്. സൂചനയിലെ സർക്കുലർ പ്രകാരം 2005 -ലെ വിവരാവകാശ നിയമമനുസരിച്ച് സമർപ്പിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യു ന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X ന്റെ 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ വിവരാവകാശ നിയമ പ്രകാരമുള്ള വിവരങ്ങൾ നൽകു ന്നതിൽ കാലതാമസം നേരിടു ന്നതായി സമിതി ചൂണ്ടിക്കാണിക്കുകയും ഈ നിയമപ്രകാരം ആവശ്യപ്പെടുന്ന വിവര ങ്ങൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ തന്നെ ലഭ്യമാക്കു ന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

ഈ സാഹചര്യത്തിൽ വിവരാവകാശ നിയമം 2005 ൽ നിഷ്കർഷിച്ചിരിക്കുന്നതും സർക്കാർ മാർഗ്ഗ നിർദ്ദേശം വഴി പുറപ്പെടുവിച്ചിരിക്കു ന്നതുമായ സമയ ക്ലിപ്തത ഉറപ്പു വരുത്തേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാവ രെയും ഓർമ്മിപ്പിക്കു ന്നതോടൊപ്പം ആയത് കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു, വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് പ്രസ്തുത നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം നിർദ്ദിഷ്ട സമയത്തിനുള്ളിൽ തന്നെ മറുപടി നൽകേണ്ടതാണെന്നും ഇത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും മറ്റും കർശനമായി പാലിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരു ത്തുന്നത് സർക്കാർ ഗൗരവമായി വീക്ഷിക്കു ന്നതാണെന്നും വീഴ്ച വരുത്തുന്ന വർക്കെതിരെ അച്ചടക്ക നടപടിയെ ടുക്കുന്നതാണെന്നും ഇതിനാൽ വ്യക്തമാക്കുന്നു.

ഡോ. പി. പ്രഭാകരൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും /സെക്രട്ടറിമാർക്കും
എല്ലാ വകുപ്പു മേധാവികൾക്കും

Endt. No. A5/12933/TC/05 dated 23.09.2008
Forwarded to all Deputy Transport Commissioners/ Regional Transport Officers and joint Regional Transport Officer of Sub Regional Transport Office for information